>> കവിത

# മയക്കം

മരുഭൂവിൻ തളിർത്ത കൈത്തടമൊന്നിൽ തഴച്ചീന്ത-
മരത്തിന്റെ തണൽ വീണ തണു വിരിപ്പിൽ
വിരിഞ്ഞിടാൻ വെമ്പും അസർമുല്ലപോലെ ഉറങ്ങുന്നു-
ണ്ടൊരു തരുണനാ മണ്ണിൽ സുഭഗൻ, ഏകൻ.

ചുറ്റും മേഞ്ഞു നടപ്പുണ്ടായിടയന്റെ ആട്ടിൻ പറ്റം
പട്ടുവെള്ളയുടുപ്പിട്ട പൈതങ്ങൾ പോലെ
തിരു നിശ്വാസമോ ദേഹം ചുരത്തുന്നോരത്യപ്പമോ
പരത്തുന്നുണ്ടവിടേതോ മൃദു സുഗന്ധം

തളിർ ദേഹം നോവുമെന്നു ഭയന്നേറ്റം പതുക്കെയാ-
ണിളകുന്നതാ നിലത്തെ പൊൻമണൽ പോലും
നട്ടുച്ച വെയ്‌ലിനെ നിലാവാക്കി മാറ്റും തേജസ്സുണ്ടാ
നെറ്റിയിൻമേൽ പൊടിക്കുന്ന വിയർപ്പിൽ പോലും

അടഞ്ഞ കൺകളെങ്കിലും മുഖം കണ്ടാലറിയാം ആ
ഇടനെഞ്ചിലിരമ്പുന്ന കടലിനാഴം
ഇളംചിരിയൊന്നാ ചുണ്ടിലുദിപ്പുണ്ടെന്നാലും മുഖ-
ത്തൊളിക്കുന്നുണ്ടതിശാന്ത ഗംഭീര ഭാവം

പൂതിയുണ്ടാ കൈകളിലൊന്നുമ്മവെയ്ക്കാൻ എന്നാലും ഞാൻ
പതിയെ തൊടുമ്പോളെങ്ങാനുണർന്നാകിലോ
ഉണർത്തേണ്ട മയങ്ങട്ടെ സ്വസ്ഥം, ദിവ്യജ്ഞാനത്തിന്റെ
കനൽനിലം ചവിട്ടുംമുമ്പവിടുന്നല്പം.

**ജമീൽ അഹ്മദ്**